# 17. നഗരപാലിക ബിൽ

ഇന്ത്യൻ ജനാധിപത്യത്തെ ഏററവും താഴ്ന്ന(തൃണമൂല)തലങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടവയാണ് ലോക്സഭയിൽ അവതരിപ്പിച്ചു പാസ്സാക്കിയ പഞ്ചായത്തീരാജ് ബില്ലും നഗരപാലിക ബില്ലും. ഭരണഘടനയുടെ അറുപത്തിനാലാമത്തെയും അറുപത്തിയഞ്ചാമത്തെയും ഭേദഗതികൾ ആയിട്ടാണ് ഇവ വിഭാവനംചെയ്യപ്പെട്ടിട്ടുള്ളത്. അതിനാൽ, രാജ്യസഭയിലെ ആകെ അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ വോട്ടും ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെ വോട്ടും അനുകൂലമായി ലഭിച്ചാൽ മാത്രമേ ഇവയ്ക്ക് നിയമസാധുത കൈവരികയുള്ളൂ. രാജ്യസഭയിൽ അവതരിപ്പിച്ചെങ്കിലും ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെ വോട്ട് അനുകൂലമായി ലഭിച്ചേക്കുകയില്ലെന്ന ആശങ്ക ഭരണപക്ഷത്തിന് ഉളവായതിനെത്തുടർന്ന് ഇവയുടെ ചർച്ച നിർത്തിവെച്ചിരിക്കുകയാണ്. രാജ്യസഭയിൽ ഇപ്പോൾ ഒഴിവായിക്കിടക്കുന്ന ഏതാനും സീററുകളിലേക്ക് കോൺഗ്രസ് സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുകയും അങ്ങനെ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗത്തിന്റെ ആനുകൂല്യം സുനിശ്ചിതമായിത്തീരുകയുമാണെങ്കിൽ രാജ്യസഭയുടെ അടുത്ത സമ്മേളനത്തിൽ ഇവയുടെ ചർച്ച തുടരുന്നതായിരിക്കും. പഞ്ചായത്തീരാജ് ബില്ലിനെപ്പററി വിശദമായി ഈ പംക്തിയിൽ എഴുതിയിരുന്നു. നഗരപാലിക ബില്ലിന്റെ ഉള്ളടക്കത്തെപ്പററി ഈ ലേഖനത്തിൽ പ്രതിപാദിക്കാം. രാഷ്ട്രീയങ്ങളായ കാരണങ്ങളാൽ കേന്ദ്രത്തിലെ ഭരണകക്ഷിയായ കോൺഗ്രസ് ഈ ബില്ലുകളെ അനുകൂലിക്കുകയും പ്രതിപക്ഷ കക്ഷികൾ ഇവയെ എതിർക്കുകയുമാണല്ലോ. എതിർക്കുകയോ അനുകൂലിക്കുകയോചെയ്യുന്നതിനുമുമ്പ് ഇവയുടെ ഉള്ളടക്കം എന്തെന്നു ജനങ്ങൾ മനസ്സിലാക്കിയിരിക്കുന്നത് എന്തുകൊണ്ടും നല്ലതല്ലേ?

നഗരപാലികബില്ലിന്റെ ശരിയായ പേര് '1989–ലെ ഭരണഘടന (അറുപത്തഞ്ചാം ഭേദഗതി) ആക്ട്' എന്നാണ്. ഭരണഘടനയുടെ 9–ാം ഭാഗത്തിൽ ഒന്നാം അദ്ധ്യായത്തിനുശേഷം രണ്ടുമുതൽ അഞ്ചുവരെയുള്ള അദ്ധ്യായങ്ങളായി ചേർക്കാൻ ഉദ്ദേശിക്കപ്പെട്ട ഈ ബില്ലിൽ ഭരണഘടനയിലെ 243 എൻ, ഒ, പി, ക്യൂ, ആർ, എസ്, ടി, യു, വി, ഡബ്ല്യൂ, എക്സ്, വൈ, ഇസഡ്, ഇസഡ് എ, ഇസഡ് ബി, ഇസഡ് സി എന്നീ അനുച്ഛേദങ്ങൾ (വകുപ്പുകൾ) അടങ്ങുന്നു. ഇവയ്ക്കു പുറമേ ഭരണഘടനയിലെ പതിനൊന്നാം പട്ടികയ്ക്കുശേഷം ചേർക്കേണ്ടതായ പന്ത്രണ്ടാം പട്ടികയും (ഷെഡ്യൂൾ) ഈ ബില്ലിന്റെ ഭാഗമാണ്.

## നഗർപഞ്ചായത്ത്

നഗർപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിങ്ങനെ മൂന്നുതരം നഗരസഭകൾ നഗരപാലികബില്ലിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേക്ക് വലിയ തോതിൽ കുടിയേററം നടന്നുകൊണ്ടിരിക്കുകയാണല്ലോ. തൊഴിൽ തേടി നഗരങ്ങളിലെത്തുന്ന ഗ്രാമീണരിൽ അധികംപേരും നഗരപരിസരങ്ങളിലുള്ള ചേരികളിൽ അടിഞ്ഞുകൂടാൻ നിർബന്ധിതരായിത്തീരുന്നു. ഇത്തരം ചേരികളിൽ പലതും നഗരാതിർത്തിക്കു പുറത്തായിരിക്കും. ഒരു തരത്തിലുള്ള മുനിസിപ്പൽ സേവനവും ലഭിക്കാത്ത ഈ പ്രദേശങ്ങൾ കൈയൂക്കും തറമിടുക്കുമുള്ള തെമ്മാടികളുടെയും കററവാളികളുടെയും നിയന്ത്രണത്തിലാവുക അസാധാരണമല്ല.

ഗ്രാമമെന്ന നില നഷ്ടപ്പെടുകയും നഗരമെന്ന നില കൈവരാതിരിക്കുകയും ചെയ്യുന്ന ഇത്തരം 'പരിവർത്തനവിധേയങ്ങളായ പ്രദേശ'ങ്ങൾക്ക (ട്രാൻസിഷണൽ ഏരിയ)വേണ്ടി ഉദ്ദേശിക്കപ്പെട്ടവയാണ് നഗർപഞ്ചായത്തുകൾ. പഞ്ചായത്തുകളുടെയും മുനിസിപ്പാലിററികളുടെയും ഇടയിലാണ് ഇവയുടെ സ്ഥാനം. ജനസംഖ്യയുടെ സാന്ദ്രത, പ്രാദേശികഭരണത്തിന ലഭിക്കാവുന്ന ധനവിഭവങ്ങൾ, കാർഷികേതര പ്രവർത്തനങ്ങളിലേർപ്പെട്ട ജനങ്ങളുടെ ശതമാനം, സാമ്പത്തികപ്രാധാന്യം മുതലായ ഘടകങ്ങൾ കണക്കിലെടുത്ത് പതിനായിരത്തിലേറെയും ഇരുപതിനായിരത്തിൽ കറവും ആളുകൾ പാർക്കന്ന ഇടങ്ങളെ അതാത് സ്റ്റേററിലെ ഗവർണർക്ക് 'പരിവർത്തനവിധേയപ്രദേശ'ങ്ങളായി പ്രഖ്യാപിക്കാം. അവിടങ്ങളിൽ നഗർപഞ്ചായത്തുകൾ രൂപവത്കരിക്കുകയും ചെയ്യാം. ഈ നിയമം നടപ്പിൽവരുംമുമ്പ് ടൗൺ കമ്മിററികളോ ടൗൺ ഏരിയ കമ്മററികളോ നോട്ടിഫൈഡ് ഏരിയ കമ്മിററികളോ അത്തരം മററു കമ്മിററികളോ നിലവിലുണ്ടായിരുന്നതും, എന്നാൽ പതിനായിരത്തിൽ താഴെ മാത്രം ജനസംഖ്യ ഉള്ളതുമായ സ്ഥലങ്ങളെയും പരിവർത്തനവിധേയപ്രദേശങ്ങളായി ഗവർണർക്ക് പ്രഖ്യാപിക്കാവുന്നതാണ്; അവിടെയും നഗർപഞ്ചായത്തുകൾ രൂപവത്കരിക്കാവുന്നതുമാണ്.

നഗർപഞ്ചായത്തുകളുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും എന്തെല്ലാമെന്ന നിർവചിക്കേണ്ടത് അതാത് സംസ്ഥാനസർക്കാറാണ്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിററികൾക്കും സാധാരണ നിലയിൽ നൽകപ്പെടുന്ന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും സ്റ്റേററുകളിലെ നിയമസഭകളിൽ പാസ്സാക്കുന്ന നിയമങ്ങളിലൂടെ നഗർപഞ്ചായത്തുകൾക്ക നൽകാവുന്നതേയുള്ളു.

## മുനിസിപ്പാലിററി

ഇരുപതിനായിരത്തിലധികവും മൂന്ന ലക്ഷത്തിൽ കറവും ജനസംഖ്യയുള്ള പ്രദേശങ്ങളിൽ മുനിസിപ്പാലിററികൾ (നഗരപാലികകൾ) രൂപവത്കരിക്കേണ്ടതാണ്.

മുനിസിപ്പാലിററികളുടെ ഘടന നിർണയിക്കേണ്ടത് അതാത് സ്റ്റേററിലെ നിയമസഭയിൽ പാസ്സാക്കുന്ന നിയമം അനുസരിച്ചായിരിക്കണം. എന്നാൽ, ഓരോ മുനിസിപ്പാലിററിയെയും പല വാർഡുകളായി തിരിച്ച് അവയിൽനിന്ന വോട്ടർമാർ നേരിട്ട തിരഞ്ഞെടുക്കുന്നവർ മാത്രമേ മുനിസിപ്പൽ കൗൺസിലിൽ അംഗങ്ങളാകാവൂ. അതേ സമയം സ്റ്റേററ് നിയമസഭകളിൽ പാസ്സാക്കുന്ന നിയമം അനുസരിച്ച് മുനിസിപ്പൽ ഭരണത്തിൽ പ്രത്യേക വൈദഗ്ധ്യമുള്ള ഏതാനും പേരെ മുനിസിപ്പാലിററികളിൽ അംഗങ്ങളാക്കാവുന്നതാണ്. പക്ഷേ, ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കയില്ല.

മുനിസിപ്പാലിററികളുടെ ചെയർമാന്മാരെ അവയിലെ അംഗങ്ങൾക്കിടയിൽനിന്നുതന്നെ തിരഞ്ഞെടുക്കേണ്ടതാണ്. ഭൂരിപക്ഷം അംഗങ്ങളും ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗം അംഗങ്ങളും അംഗീകരിച്ച പ്രമേയത്തിലൂടെ മാത്രമേ ചെയർമാന്മാരെ അവരുടെ സ്ഥാനങ്ങളിൽനിന്ന് നീക്കാൻ കഴിയൂ.

ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള മുനിസിപ്പാലിററികളിൽ രണ്ടോ കൂടുതലോ വാർഡുകൾക്ക് ഒരു 'വാർഡ്സ് കമ്മിററി' ഉണ്ടായിരിക്കും. വാർഡ്സ് കമ്മിററിയിലെ അംഗങ്ങളെ അതാത് പ്രദേശത്തുനിന്ന് നേരിട്ടുള്ള വോട്ടിലൂടെ തിരഞ്ഞെടുക്കേണ്ടതാണ്. ഈ തിരഞ്ഞെടുപ്പു സംബന്ധിച്ച നിയമങ്ങൾ ഉണ്ടാക്കേണ്ടതും സ്റ്റേററ് നിയമസഭകൾതന്നെ. ഒരു വാർഡ്സ് കമ്മിററിയുടെ അധികാരാതിർത്തിയിൽപ്പെട്ട വാർഡുകളിൽനിന്നുള്ള മുനിസിപ്പൽ കൗൺസിലർമാർ ആ വാർഡ്സ് കമ്മററിയിൽ അംഗങ്ങളായിരിക്കും. വാർഡ്സ് കമ്മിററികളുടെ ചെയർമാന്മാരെ അംഗങ്ങളിൽനിന്ന തിരഞ്ഞെടു

കണം. വാർഡ്സ് കമ്മിററികളുടെ ചെയർമാന്മാർ മുനിസിപ്പൽ കൗൺസിലിൽ അംഗങ്ങൾകൂടിയായിരിക്കും.

ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ മിക്ക നിയമങ്ങളും വാർഡ്സ് കമ്മിററികൾക്കും മുനിസിപ്പാലിററികൾക്കും ബാധകമായിരിക്കും. വാർഡ്സ് കമ്മിററികളിലും മുനിസിപ്പാലിററികളിലും സ്ത്രീകൾക്കും (മൂന്നിലൊന്ന്) പട്ടികജാതി—പട്ടികവർഗക്കാർക്കും (ജനസംഖ്യാനുപാതികം) ഉള്ള സംവരണം പഞ്ചായത്തുകളിലെപ്പോലെതന്നെയായിരിക്കും.

## മുനിസിപ്പൽ കോർപ്പറേഷൻ

മൂന്ന് ലക്ഷമോ അധികമോ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷനുകൾ സ്ഥാപിക്കപ്പെടണം. മുനിസിപ്പാലിററികളുടെയെന്നപോലെ മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ഘടന സംബന്ധിച്ച നിയമങ്ങൾ നിർമിക്കേണ്ടത് സംസ്ഥാന നിയമസഭകളാണ്. കോർപ്പറേഷനുകളിൽ ഒരു വാർഡിനോ അധികം വാർഡുകൾക്കോ വാർഡ്സ് കമ്മിററികൾ ഉണ്ടാക്കേണ്ടതാണ്. ഈ വാർഡ്സ് കമ്മിററികൾക്കും കോർപ്പറേഷനും ഇടയിൽ 'സോണൽ (മേഖലാ) കമ്മിററി' എന്ന പേരിൽ ഒരു ഭരണഘടകംകൂടി വേണമെങ്കിൽ നിർമിക്കപ്പെടാവുന്നതാണ്. സോണൽ കമ്മററിയുടെ കീഴിലുള്ള വാർഡ്സ് കമ്മിററികളുടെ ചെയർമാന്മാർ സോണൽ കമ്മിററിയിൽ അംഗങ്ങളായിരിക്കും. സോണൽ കമ്മിററിയിലെ അംഗങ്ങളിൽനിന്ന് ഒരാളെ ആ കമ്മിററിയുടെ ചെയർമാനായി തിരഞ്ഞെടുക്കണം. ഈ കമ്മിററിയിലും സ്ത്രീകൾക്കും പട്ടികജാതി—പട്ടികവർഗക്കാർക്കും നിശ്ചിത തോതിൽ സംവരണം ഉണ്ട്.

നഗർപഞ്ചായത്ത്, മുനിസിപ്പാലിററി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്ക് സ്വയംഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും സ്റ്റേററ് നിയമസഭകളിൽ പാസ്സാക്കുന്ന നിയമങ്ങളിലൂടെ നൽകപ്പെടണം. അതാതു പ്രദേശത്ത് സാമ്പത്തികവികസനവും സാമൂഹ്യനീതിയും കൈവരുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും തങ്ങൾക്ക് ഏല്പിച്ചുകിട്ടുന്ന പദ്ധതികൾ നടപ്പിൽ വരുത്തുന്നതും ഈ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം ആയിരിക്കും. ഭരണഘടനയിലെ പന്ത്രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയ, താഴെ ചേർത്ത മുപ്പത്തിയേഴ വിഷയങ്ങൾ ഈ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ പെടുത്താവുന്നതാണ്.

1. പൊതുജനാരോഗ്യം.
2. കക്കൂസുകൾ, ഖരരൂപത്തിലുള്ള മാലിന്യങ്ങളുടെ സംഭരണവും നിർമാർജനവും, മലിനജലം ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കൽ, ശുചീകരണസേവനങ്ങൾ എന്നിവയടക്കമുള്ള ശുചീകരണം.
3. അഴുക്കുചാലുകൾ—അവയിലെ മാലിന്യത്തിന്റെ നിർമാർജനം.
4. ആസ്പത്രികൾ, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ഡിസ്പെൻസറികൾ.
5. മൃഗാശുപത്രികൾ.
6. ശ്മശാനങ്ങൾ.
7. പൗണ്ടുകൾ, മൃഗങ്ങളോടുള്ള ക്രൂരത തടയൽ.
8. ജനന-മരണ രജിസ്ട്രേഷൻ അടക്കമുള്ള ജനസംഖ്യ സംബന്ധിച്ച കണക്കുസൂക്ഷിപ്പ്.
9. മായം കലർത്തുന്നതു തടയൽ.
10. റോഡുകൾ, പാലങ്ങൾ, കടത്തുകൾ, ട്രാംവേകൾ, റോപ്വേകൾ, ഉൾനാടൻ ജലഗതാഗതം എന്നിവയടക്കമുള്ള ഗതാഗതം.
11. നഗരത്തിലെ പാസഞ്ചർ ട്രാൻസ്പോർട്ട്, യന്ത്രങ്ങൾ ഉപയോഗിച്ചോ അല്ലാതെയോ ചലിക്കുന്ന വാഹനങ്ങൾ.

12. സമൂഹത്തിന്റെ പൊതു സ്വത്ത് സംരക്ഷിക്കൽ.
13. മുനിസിപ്പാലിററികളിൽ നിക്ഷിപ്തങ്ങളായ കമ്പനികൾ, നിലങ്ങൾ, കെട്ടിടങ്ങൾ.
14. അഗ്നിശമനം.
15. പട്ടികജാതി–പട്ടികവർഗക്കാർ അടക്കം ദുർബലവിഭാഗങ്ങളുടെ ക്ഷേമം.
16. വികലാംഗരുടെയും മന്ദബുദ്ധികളുടെയും ക്ഷേമം അടക്കം സാമൂഹ്യക്ഷേമം.
17. സ്ത്രീ–ശിശു വികസനം.
18. കുടുംബക്ഷേമം
19. പ്രൈമറി സെക്കണ്ടറി സ്കൂളുകളടക്കം വിദ്യാഭ്യാസം.
20. സാങ്കേതിക പരിശീലനം, തൊഴിൽ വിദ്യാഭ്യാസം.
21. വയോജന–അനൗപചാരിക–വിദ്യാഭ്യാസം.
22. ഗ്രന്ഥാലയങ്ങൾ, മ്യൂസിയങ്ങൾ, സമാനസ്ഥാപനങ്ങൾ.
23. കുടിക്കാനും വ്യവസായങ്ങൾക്കും വാണിജ്യാവശ്യങ്ങൾക്കുമുള്ള ജലവിതരണം.
24. വിദ്യുച്ഛക്തി വിതരണമടക്കം നഗര വൈദ്യുതീകരണം.
25. പാരമ്പര്യേതര ഊർജസ്രോതസ്സുകൾ.
26. പൈതൃകസംരക്ഷണം, നഗരകലകൾ, സൗന്ദര്യവത്കരണം എന്നിവയടക്കം നഗരാസൂത്രണം.
27. നഗരങ്ങളിൽ പാർപ്പിടസൗകര്യമുണ്ടാക്കൽ.
28. ഉദ്യാനങ്ങൾ, കളിസ്ഥലങ്ങൾ, വിനോദസൗകര്യങ്ങൾ.
29. ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഉപയോഗം നിയന്ത്രിക്കുകയും വർദ്ധിപ്പിക്കുകയും.
30. ചേരി നിർമാർജനം.
31. നഗരവൽക്കരണം.
32. വ്യവസായ–വാണിജ്യ എസ്റ്റേററുകൾ സ്ഥാപിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും.
33. നഗരദാരിദ്ര്യനിർമാർജന പരിപാടികൾ.
34. പൊതുവിതരണവ്യവസ്ഥിതി.
35. സാംസ്കാരികപ്രവർത്തനങ്ങൾ.
36. തിയേററുകൾക്കും നാടകാഭിനയങ്ങൾക്കും ലൈസൻസ് നൽകൽ:
37. തീർത്ഥയാത്രകൾ.

ഈ മുപ്പത്തേഴ വിഷയങ്ങളുൾപ്പെടെ വാർഡ്സ് കമ്മിററികൾക്കും സോണൽ കമ്മിററികൾക്കും ഏല്പിച്ചുകൊടുക്കുന്ന ഉത്തരവാദിത്തങ്ങൾ നിറവേററാൻ ആവശ്യമായ അധികാരം അവയ്ക്ക് നിയമനിർമാണത്തിലൂടെ സ്റ്റേററ് നിയമസഭകൾ നൽകേണ്ടതാണ്.

നഗർ പഞ്ചായത്ത്, മുനിസിപ്പാലിററി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്ക് ഏല്പിച്ചുകൊടുക്കാവുന്ന നികുതികൾ, ചുങ്കങ്ങൾ, ഫീസുകൾ മുതലായവ ഏതെന്നും ഇവയിൽനിന്നുള്ള വരുമാനം ഈ സ്ഥാപനങ്ങൾക്കും സ്റ്റേററിനും ഇടയിൽ എങ്ങനെ പങ്കിടണമെന്നും സ്റ്റേററിന്റെ ഖജനാവിൽ (കൺസോളിഡേറഡ് ഫണ്ട്)നിന്ന് ഈ സ്ഥാപനങ്ങൾക്ക് എത്രമാത്രം ധനസഹായം നൽകണമെന്നും മററും ഒരു ഫിനാൻസ് കമ്മീഷൻ ഗവർണർക്ക ശുപാർശകൾ സമർപ്പിക്കേണ്ടതും ഈ ശുപാർശകളും അവ സംബന്ധിച്ച കൈക്കൊണ്ട നടപടികളും ബന്ധപ്പെട്ട മററു രേഖകളും ഗവർണർ നിയമസഭയിൽ സമർപ്പിക്കേണ്ടതുതാണ്.

## ജില്ലാതല–ആസൂത്രണം

പഞ്ചായത്ത്, നഗർ പഞ്ചായത്ത്, മുനിസിപ്പാലിററി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ തയ്യാറാക്കുന്ന വികസനപദ്ധതികൾ ക്രോഡീകരിച്ച് ജില്ലാ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള കമ്മിററികളെ ഗവർണർ നിയമിക്കേണ്ടതാണ്. ഒരു ജില്ലാ വികസന കമ്മിററിയിൽ ഇരുപത്തൊന്നിലധികം അംഗങ്ങളുണ്ടാവരുത്. ജില്ലയിലെ പഞ്ചായത്തുകൾ, നഗർ പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലെ അംഗങ്ങൾ, ജനസംഖ്യാനുപാതികമായി തങ്ങൾക്കിടയിൽനിന്നു തിരഞ്ഞെടുക്കുന്നവരായിരിക്കണം ജില്ലാ വികസനക്കമ്മിററിയിലെ അംഗങ്ങൾ. ഇവർ തയ്യാറാക്കുന്ന ജില്ലാ വികസനപദ്ധതിയിൽ ഗ്രാമ–നഗരപ്രദേശങ്ങൾക്കിടയിലെ സ്ഥല ആസൂത്രണം, ജലവും മററു പ്രകൃതിവിഭവങ്ങളും പങ്കിടൽ, ഉദ്ഗ്രഥിത വികസനം, പരിസ്ഥിതിസംരക്ഷണം എന്നിവയിൽ പ്രത്യേകം ഊന്നൽ നൽകിയിരിക്കണം. ഇന്ത്യാ ഗവൺമെൻറും അതാതു സ്റ്റേററ് ഗവൺമെൻറും നിർദേശിച്ച ലക്ഷ്യങ്ങളും പ്രാഥമികതകളും കണക്കിലെടുത്തുകൊണ്ടായിരിക്കണം ജില്ലാ വികസനപദ്ധതി തയ്യാറാക്കുന്നത്.

## മെട്രോപോളിററൻ ഏരിയ

രണ്ടോ അധികമോ പഞ്ചായത്തുകളോ നഗർപഞ്ചായത്തുകളോ മുനിസിപ്പാലിററികളോ മുനിസിപ്പൽ കോർപ്പറേഷനുകളോ അടങ്ങിയതും ഇരുപതു ലക്ഷത്തോളമോ അധികമോ ജനസംഖ്യയുള്ളതുമായ ഒരു പ്രദേശത്തെ ഒരു 'മെട്രോപ്പോളിററൻ ഏരിയ'യായി ഗവർണർക്കു പ്രഖ്യാപിക്കാവുന്നതാണ്. ഒരു മെട്രോപ്പോളിററൻ ഏരിയയ്ക്കു മുഴുവനായി വികസനപദ്ധതി തയ്യാറാക്കുന്നതിനു മുപ്പതൊന്നിൽ ഏറാതെ അംഗങ്ങളുള്ള ഒരു കമ്മിററിയെ ഗവർണർക്ക് ഒരു പ്രഖ്യാപനത്തിലൂടെ നിലവിൽവരുത്താം. അതാതു പ്രദേശത്തുള്ള പഞ്ചായത്തുകളിലെ പ്രസിഡണ്ടുമാരും നഗർപഞ്ചായത്ത്, മുനിസിപ്പാലിററി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ജനസംഖ്യാനുപാതികമായി തങ്ങൾക്കിടയിൽനിന്നു തിരഞ്ഞെടുക്കുന്നവരായിരിക്കും ഈ കമ്മിററിയിലെ അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം. ശേഷിച്ച മൂന്നിൽ ഒരു ഭാഗം അംഗങ്ങൾ കേന്ദ്രസംസ്ഥാന–ഗവൺമെൻറുകളുടെയോ, ഗവർണർ നിർദേശിക്കുന്ന സ്ഥാപനങ്ങളുടെയോ പ്രതിനിധികളായിരിക്കും. ഈ കമ്മിററിയുടെ ചെയർമാനെ ഗവർണർ നിയമിക്കും. അതാതു മെട്രോപ്പോളിററൻ ഏരിയയിലെ പ്രാദേശിക ഭരണസ്ഥാപനങ്ങൾ തയ്യാറാക്കിയ പ്രാദേശിക വികസനപദ്ധതികൾ പരിഗണിച്ച്, ആ മെട്രോപ്പോളിററൻ ഏരിയയിലേക്ക് ഉദ്ഗ്രഥിതവും സന്തുലിതവും പ്രായോഗികവുമായ ഒരു വികസനപദ്ധതി തയ്യാറാക്കി അതാതു സ്റ്റേററ് ഗവൺമെൻറിനു സമർപ്പിക്കേണ്ടതു് ഈ കമ്മിററിയുടെ കടമയാണ്.

## തെരഞ്ഞെടുപ്പ്

ഒരു സംസ്ഥാനത്തിലെ പഞ്ചായത്തുകൾ, നഗർപഞ്ചായത്തുകൾ, വാർഡ്സ് കമ്മിററികൾ, മുനിസിപ്പാലിററികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് ഒരേസമയം നടത്തേണ്ടതാണ്. കേന്ദ്ര–സ്റ്റേററ് ഗവൺമെൻറുകളുടെയോ സ്വയംഭരണ സ്ഥാപനങ്ങളുടെയോ കീഴിൽ വരുമാനമുള്ള ജോലി നോക്കുന്നവർ ഈ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിന്നുകൂടാ. മനോരോഗികൾ, പാപ്പർമാർ, ഇന്ത്യൻ പൗരത്വമില്ലാത്തവർ, തെരഞ്ഞെടുപ്പിനു നില്ക്കുന്നതിൽനിന്ന് ഏതെങ്കിലും നിയമം മുഖേന വിലക്കപ്പെട്ടവർ എന്നിവർക്കും സ്ഥാനാർത്ഥിത്വത്തിന് അർഹതയില്ല. ഈ കാര്യത്തിൽ സംശ

യമുണ്ടായാൽ അന്തിമതീരുമാനം ഗവർണറുടേതായിരിക്കും. ഇതു സംബന്ധിച്ചു തെരഞ്ഞെടുപ്പു കമ്മീഷന്റെ അഭിപ്രായം തേടാൻ ഗവർണർക്കു ബാദ്ധ്യതയുണ്ടു്.

നഗരപാലിക ബില്ലിലെ മുഖ്യ വ്യവസ്ഥകളുടെ സംക്ഷേപമാണു മുകളിൽ ചേർത്തതു്. ബിൽ അവതരിപ്പിച്ചുകൊണ്ടു് 1989 ആഗസ്റ്റ് 7-ാം തീയതി പാർലമെന്റിൽ പ്രധാനമന്ത്രി ചെയ്ത പ്രസംഗം, അധികാരം സാധാരണ ജനങ്ങളിലേക്കു സംക്രമിപ്പിക്കുന്നതിൽ പഞ്ചായത്തീരാജ്–നഗരപാലിക–ബില്ലുകൾക്കുള്ള പ്രാധാന്യമെന്തെന്നു വിശദമാക്കുന്നുണ്ടു്.

ഇന്ത്യയിലെ ജനങ്ങളിൽ നാലിലൊരു ഭാഗം ഇപ്പോൾ നഗരങ്ങളിൽ ജീവിക്കുന്നു. ഇന്ത്യയിലെ മൊത്തം ഉത്പാദനത്തിൽ പകുതിയോളം നടക്കുന്നതു നഗരങ്ങളിലാകുന്നു. ഗ്രാമങ്ങളിൽനിന്നു് അടുത്തുള്ള ചെറിയ നഗരങ്ങളിലേക്കു ജനങ്ങൾ മാറിപ്പാർക്കുന്നതു പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണു്. പക്ഷേ, ഇന്നത്തെപ്പോലെ, രണ്ടോ മൂന്നോ മഹാനഗരങ്ങളുടെ ചേരിപ്രദേശങ്ങളിൽ കൈയും കണക്കുമില്ലാതെ ജനങ്ങൾ ചെന്നുകൂടുന്നതു് ആപത്കരമാകുന്നു.

നഗരങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ തങ്ങൾക്കും വേണമെന്നു് ഗ്രാമീണർ ആവശ്യപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. ഇതു സ്വാഭാവികം മാത്രമാണു്. നഗരങ്ങളെന്നും ഗ്രാമങ്ങളെന്നുമുള്ള വിഭജനം നാം അവസാനിപ്പിക്കുകയും പകരം ഒരു ഗ്രാമ–നഗര–സാന്തത്യം (റൂറൽ–അർബൻ–കണ്ടിന്യുവം) നിലവിൽ വരുത്തുകയും വേണം.

വിദേശഭരണകാലത്തു നഗരഭരണത്തിൽ ആസൂത്രണത്തിനു യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. ഇപ്പോഴും സ്ഥിതി അതുതന്നെ. യഥാർത്ഥത്തിൽ, നഗരവും ഗ്രാമവും സന്ധിക്കുന്ന ഇടങ്ങളിലാണു ത്വരിതവികസനത്തിനു സാദ്ധ്യത. 'പരിവർത്തനവിധേയ പ്രദേശങ്ങൾ' എന്ന സങ്കല്പത്തിന്റെ പ്രാധാന്യം ഇതാണു്. ഈ പ്രദേശങ്ങളിലേക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന 'നഗർ പഞ്ചായത്തുകൾ' ഗ്രാമഭരണത്തിലെയും നഗരഭരണത്തിലെയും നല്ല ഘടകങ്ങൾ ഉൾക്കൊള്ളുന്നവയായിരിക്കണം. 'ഇന്നത്തെ ചെറിയ മുനിസിപ്പാലിറ്റികൾപോലെ അന്തസ്സു് നാട്യത്തിന്റെ പൊള്ളപ്രതീകങ്ങളായിരിക്കാതെ, നഗർപഞ്ചായത്തുകൾ ചലനാത്മകമായ വികസനത്തിന്റെ കേന്ദ്ര ബിന്ദുക്കളായിത്തീരും.' കാലക്രമേണ ഓരോ ജില്ലയിലും ഏതാനും നഗർപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി വികസിക്കുകയുംചെയ്യും. മഹാനഗരങ്ങളിലെ അത്യന്ത സമ്മർദം ഒഴിവാക്കുന്നതിനു് ഇത്തരം ചെറുനഗരങ്ങളുടെ വികസനം അനുപേക്ഷണീയമാണു്.

ഗ്രാമങ്ങളിൽ ഓരോ വോട്ടർക്കും തങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തു മെമ്പറെ അടുത്തറിയാം. അതുപോലെ, ഓരോ മെമ്പർക്കും പഞ്ചായത്തിന്റെ ഭരണത്തിൽ നേരിട്ടു പങ്കെടുക്കാനും കഴിയുന്നു. ഇടത്തട്ടുകാരെ ഒഴിവാക്കാൻ ഈ രണ്ടു വസ്തുതകളും ഉപകരിക്കുന്നു. അതേ സമയം, ഡില്ലി മുനിസിപ്പൽ കോർപ്പറേഷനിൽ ഒരു വാർഡിൽ രണ്ടു ലക്ഷത്തിലേറെ ജനങ്ങളുണ്ടു്. ആ കോർപ്പറേഷനിലെ അംഗസംഖ്യ നൂറ്റമ്പതോളമാണു്. അതിനാൽ ജനങ്ങൾക്കു കോർപ്പറേഷൻ അംഗങ്ങളുമായി സമ്പർക്കമില്ല; കോർപ്പറേഷൻ അംഗങ്ങൾക്കു നഗരഭരണത്തിൽ കാര്യമായ പങ്കു് ഉണ്ടാവുന്നുമില്ല.

ഒരു ലക്ഷമോ അതിലധികമോ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ നേരിട്ടു തിരഞ്ഞെടുക്കപ്പെടുന്ന വാർഡ്സ് കമ്മിറ്റികൾ ഉണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചിട്ടുള്ളതു ജനങ്ങൾക്കു നഗരഭരണത്തിൽ നേരിട്ടു പങ്കാളിത്തം നൽകുന്നതിനാണു്. ഈ വാർഡ്സ് കമ്മിറ്റികൾക്കു പ്രാദേശികമായ ഉത്തരവാദിത്തങ്ങളും അവ നിറവേറ്റുന്നതിനു പ്രാദേശികമായ അധികാരങ്ങളും ആവശ്യമായ വിഭവവും മുനിസിപ്പാലിറ്റി നൽകും. വാർഡ്സ് കമ്മിറ്റിയുടെ അധികാരവ്യാപ്തി നിർണയിക്കേണ്ടതു് സ്റ്റേറ്റ് നിയമസഭകളാണു്.

മൂന്നു ലക്ഷത്തിലേറെ ജനസംഖ്യയുള്ള വലിയ നഗരങ്ങളിൽ, വാർഡ്സ് കമ്മിറ്റികളുടെ ചെയർമാന്മാർ അടങ്ങിയ സോണൽ(മേഖല)കമ്മിറ്റികൾ രൂപ

വത്കരിക്കണമെന്നു നിർദേശിച്ചതിന്റെ ഉദ്ദേശ്യവും മറ്റൊന്നല്ല. ഈ സോണൽ കമ്മിറ്റികൾക്ക് വേണ്ടത്ര ഉത്തരവാദിത്തങ്ങളും അധികാരങ്ങളും സാമ്പത്തികവിഭവവും മുനിസിപ്പൽ കോർപ്പറേഷൻ നൽകണം.

മുനിസിപ്പാലിറ്റികളിൽ ഭരണത്തിനു രണ്ടു തലങ്ങളും കോർപ്പറേഷനുകളിൽ മൂന്നു തലങ്ങളും ഉണ്ടാകുന്നതിന്റെ ഫലമായി, ഇവയിലെ അംഗങ്ങൾക്ക് നഗരത്തിന്റെ പൊതുപ്രശ്നങ്ങളിൽ ശ്രദ്ധ ചെലുത്താനും നയങ്ങൾ രൂപവത്കരിക്കാനും ജില്ലയുടെ സാമ്പത്തികവികസനത്തിൽ ,, കൂടുതൽ ക്രിയാത്മകമായ പങ്കു വഹിക്കാനും ഇട കിട്ടുന്നതാണ്. ഇപ്പോൾ, ഓടയിൽ ഒരു ഭാഗം മണ്ണു വീണ് അടഞ്ഞാൽ, ആ മണ്ണ് എടുത്തുമാറ്റാൻ കൗൺസിലറോ മേയറോ എം. എൽ. എ. യോ മന്ത്രിയോ പ്രധാനമന്ത്രിതന്നെയോ പോകണമെന്ന സ്ഥിതിയാണ്. ഇതു മാറി, വാർഡിലുള്ള സാധാരണജനങ്ങൾക്ക് വാർഡ്സ് കമ്മിറ്റികൾ മുഖേന വാർഡിന്റെ പൊതുപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമ്പോൾ 'വാർഡ് റൗഡി'കളുടെ അക്രമങ്ങൾ തനിയെ അവസാനിക്കും. ഇന്നു നഗരവാസികളിൽ പലരും, പ്രത്യേകിച്ചു ചേരിപ്രദേശങ്ങളിലുള്ളവർ, സംരക്ഷണത്തിന് ഉറ്റുനോക്കുന്നത് വാർഡ് റൗഡികളെയാണ്. കാരണം, വേറെ ആരെ സമീപിക്കണമെന്ന് സാധാരണ നഗരവാസികൾക്ക് അറിഞ്ഞുകൂടാ.

അഞ്ചു വർഷത്തിലൊരിക്കൽ മുടങ്ങാതെ നഗരസഭകളിലേക്കു തിരഞ്ഞെടുപ്പു നടത്തുന്നതു നിർബന്ധിതമാക്കുകയാണ് നഗരപാലിക ബില്ലിന്റെ ഒരു ഉദ്ദേശ്യം. ഈ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും ന്യായമായ പ്രാതിനിധ്യം ലഭിക്കുവാനും ഈ ബില്ല് വ്യവസ്ഥ ചെയ്യുന്നു. നിലവിലുള്ള ശുചീകരണം മുതലായ കർത്തവ്യങ്ങൾക്കു പുറമെ, നഗരസഭകളുടെ പ്രവർത്തനമേഖലയെ ബില്ല് വളരെയധികം വിപുലമാക്കുന്നു. പ്രാദേശികാസൂത്രണം, സാമൂഹ്യനീതി നടപ്പാക്കൽ, ദാരിദ്ര്യനിർമാർജനം എന്നീ പ്രവർത്തനങ്ങളുടെ കനത്ത ഉത്തരവാദിത്തം നഗരസഭകളിൽ ഈ ബില്ലു നിക്ഷേപിക്കുന്നുമുണ്ട്. ഇതോടെ ആസൂത്രണം എന്നതു ഉദ്യോഗസ്ഥന്മാരുടെ ഭാവനാവിലാസം എന്ന നിലവിട്ട് സാധാരണക്കാരുടെ സ്വന്തം കാര്യമായി മാറുന്നു. ജനങ്ങളിൽ സ്വാശ്രയശീലം വളർത്താനും പൊതുകാര്യങ്ങളിൽ ജനങ്ങൾ താല്പര്യമുള്ളവരാക്കാനും ഇത്തരം അധികാരവികേന്ദ്രീകരണം കൂടിയേ കഴിയൂ.

നഗരസഭകളിൽ അർപ്പിച്ച ഉത്തരവാദിത്തം നിറവേറ്റുന്നതിന് ആവശ്യമായ സാമ്പത്തികശേഷി അവയ്ക്കു കൈവരുത്തണം. ധനം സ്വരൂപിക്കുന്നതിന് എന്തെല്ലാം അധികാരങ്ങൾ നഗരസഭകൾക്ക നൽകണമെന്നും സ്റ്റേറ്റിലെ പൊതുഫണ്ടിൽനിന്ന് എത്രത്തോളം സഹായം അവ അർഹിക്കുന്നു എന്നും ശുപാർശ ചെയ്യുന്നതിന് ഓരോ സ്റ്റേറ്റിലും ഓരോ ഫിനാൻസ് കമ്മീഷൻ നിയമിക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. തിരിച്ചടയ്ക്കാമെന്ന വിശ്വാസമുള്ള പക്ഷം, പ്രത്യേകാവശ്യങ്ങൾക്കായി ബോണ്ടുകളിലൂടെയും മറ്റും നഗരസഭകൾക്ക പണം ശേഖരിക്കാവുന്നതാണെന്ന് തന്റെ പ്രസംഗത്തിൽ പ്രധാനമന്ത്രി എടുത്തു പറയുന്നുണ്ട്.

പൊതുവെ, വളരെ വിശാലമായ ഒരു പരിപ്രേക്ഷ്യമാണ് പഞ്ചായത്തീരാജ്—നഗരപാലിക ബില്ലുകൾക്കുള്ളത്. വൈകല്യങ്ങൾ ഉണ്ടെങ്കിൽ ചർച്ചയിലൂടെ അവ പരിഹരിച്ചു ബില്ലുകളെ കുറ്റമറ്റവ ആക്കുകയാണ് ആവശ്യം. ഈ ബില്ലുകളെപ്പറ്റി വേണ്ടത്ര ആഴത്തിൽ വ്യാപകങ്ങളായ ചർച്ചകൾ നാട്ടിൽ നടക്കുകയുണ്ടായില്ലെന്നതു വളരെ ഖേദകരമാകുന്നു.